കുപ്രസിദ്ധ ഗുണ്ട നായ സുര പിടിയിൽ

*************

പാലക്കാട്: കൺട്രോൾറും പോലീസുകാരെ ആക്രമിക്കുകയും, മുൻ മുനിസിപ്പൽ കൗൺസിലർ ശബരിയെ തലക്കടിച്ച് വധിക്കാൻ ശ്രമിക്കുകയും ചെയ്ത കേസ്സിൽ ഒരു മാസത്തോളം ഒളിവിൽ കഴിഞ്ഞു വന്നിരുന്ന പ്രതി പാലക്കാട് മുത്താൻ തറ, കോഴിപ്പറമ്പ് സുരേഷ് എന്ന നായ സുര വ :29, യെയാണ് പ്രത്യേക അന്വേഷണ സംഘം പഴനിയിൽ നിന്നും പിടികൂടിയത്. കഴിഞ്ഞ മാർച്ച് 19നാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. വടക്കന്തറ ചുണ്ണാമ്പുതറ റോഡിലൂടെ മദ്യപിച്ച് ബൈക്കിൽ വരികയായിരുന്ന സുരേഷും സുഹൃത്ത് സ്കോർപിയോ ഗിരീഷും പോലീസ് തടഞ്ഞു നിർത്തി ചോദിച്ചതിലുള്ള ദേഷ്യത്തിൽ കൺട്രോൾ റൂം പോലീസുകാരായ സി.പി.ഒ മഹേഷ്, അരുൺ എന്നിവരെ ക്രൂരമായി മർദ്ധിച്ചതിനു ശേഷം ബൈക്കിൽ കയറി രക്ഷപ്പെടുകയായിരുന്നു, പോകുന്ന വഴിക്ക് മുത്താൻ തറ , ആൽത്തറയിൽ നിൽക്കുകയായിരുന്ന മുൻ കൗൺസിലറും , വ്യാപാരി വ്യവസായി ഏകോപന സമിതി മേലാ മുറി യൂണിറ്റ് സെക്രട്ടറിയുമായ ശബരിയെ സോഡാ കുപ്പി ഉപയോഗിച്ച് തലയിലടിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു.സംഭവത്തിനു ശേഷം ഗിരീഷിനെ പിറ്റേ ദിവസം അറസ്റ്റു ചെയ്തിരുന്നു. സുരേഷ് തമിഴ്നാടിലേക്ക് മുങ്ങുകയായിരുന്നു. ഫോൺ സ്വിച്ച് ഓഫ് ചെയ്തിരുന്നതിനാൽ കണ്ടെത്താൻ ബുദ്ധിമുട്ടായിരുന്നു. തുടർന്ന് പാലക്കാട് SP പ്രതീഷ് കുമാർ IPS ന്റെ നിർദ്ദേശാനുസരണം പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയായിരുന്നു. ഈ സമയം പ്രതിക്ക് കൂട്ടുകാർ മുഖേന സാമ്പത്തിക സഹായം ലഭിക്കുന്നതായി കണ്ടെത്തി , തുടർന്ന് നടത്തിയ അന്വേഷണത്തിൽ പഴനി, മധുര,, തിരുച്ചെന്തൂർ ,തൂത്തുക്കുടി, പോണ്ടിച്ചേരി ,ചെന്നൈ, തിരുപ്പതി, പോണ്ടിച്ചേരി ,ഹൈദ്രാബാദ്, തിരുച്ചി എന്നിവിടങ്ങളിലായി മാറി മാറി ഒളിവിൽ കഴിഞ്ഞു വരുന്നതായി സൈബർ സെൽ സഹായത്തോടെ കണ്ടെത്തി.തുടർന്ന് ടൗൺ നോർത്ത് SI രഞ്ജിത്തും ക്രൈം സ്വകാഡ് അംഗങ്ങളും പഴനിയിൽ ക്യാമ്പ് ചെയ്ത് പിൻതുടർന്ന് തന്ത്രപരമായി പിടികൂടുകയായിരുന്നു. സ്ഥിരം കുറ്റവാളിയായ നായ സുര ഗുണ്ടാ നിയമപ്രകാരം ഒരു വർഷത്തോളം വിയ്യൂർ സെൻട്രൽ ജയിലിൽ ശിക്ഷ അനുഭവിച്ച ആളാണ്. ടിയാനെതിരെ പത്തോളം കേസ്സുകൾ വിവിധ സ്റ്റേഷനുകളിലായി നിലവിലുണ്ട്.ഗിരീഷിനെതിരെയും നേരത്തെ കേസ്സുകളുണ്ട്. വിശദമായ ചോദ്യം ചെയ്യലിനുശേഷം പ്രതിയെ നാളെ കോടതിയിൽ ഹാജരാക്കും. പാലക്കാട് ASP G. പൂങ്കുഴലി IPS ന്റെ മേൽനോട്ടത്തിൽ ടൗൺ നോർത്ത് CI R. ശിവശങ്കരൻ , SI രഞ്ജിത്, ASI ഷേണു, ക്രൈം സകാഡ് അംഗങ്ങളായ TA ഷാഹുൽ ഹമീദ് , K. നന്ദകുമാർ, R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ് എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തി പ്രതിയെ അറസ്റ്റു ചെയ്തത്.